LIBRARY ARCHIVES Kerala Legislative Assembly

പെരിയാർ ടൈഗർ റിസർവ് ഈസ്റ്റ് ഡിവിഷനിലെ ആനപാപ്പാൻ നിയമനം

124 [2553] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ടൈഗർ റിസർവ് ഈസ്റ്റ് ഡിവിഷൻ തേക്കടിയിൽ കഴിഞ്ഞ 19 വർഷമായി താല്ക്കാലിക അടിസ്ഥാനത്തിൽ ആനപാപ്പാനായി ജോലി നോക്കുന്ന ആദിവാസി യുവാവായ ബാബുരാജിനെ സ്ഥിരപ്പെടുത്തണമെന്നുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് പെരിയാർ ഡിവിഷനിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും എത്ര പ്രാവശ്യം റിപ്പോർട്ട് ആവശ്യപ്പെട്ടുവെന്നും വ്യക്തമാക്കാമോ;

(സി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ഉള്ളടക്കം വെളിപ്പെടുത്താമോ;

(ഡി) തയ്യാറാക്കിയവരുടെ പേരുകളും ഇവർ ഈ ഓഫീസിൽ എത്ര കാലമായി ജോലി ചെയ്യുന്നു എന്നും വിശദമാക്കാമോ;

(ഇ) പെരിയാർ ഈസ്റ്റ് ഡിവിഷനിൽ ഇപ്പോൾ സ്ഥിരനിയമനം ലഭിച്ച ആനപാപ്പാൻ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ ആരാണ് എന്ന് വ്യക്തമാക്കാമോ;

(എഫ്) ഒരു ആനപാപ്പാൻ തസ്തിക മാറ്റം വഴി ബോട്ട് ലാസ്ക്കർ ആയി പ്രസ്തുത ഡിവിഷനിൽ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ അയാൾക്ക് ഏത് തസ്തികയുടെ ശമ്പളമാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(ജി) നിലവിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ ആനപാപ്പാന്റെ സ്ഥിരനിയമനത്തിനുള്ള ഒഴിവ് ഉണ്ടോയെന്നും എങ്കിൽ എന്നു മുതലാണെന്നും വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവിലേക്ക് ബാബുരാജിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. കെ. ബാബുരാജ് സമർപ്പിച്ച അപേക്ഷ 15-4-2003-ൽ തേക്കടി പെരിയാർ ടൈഗർ റിസർവ് ഡെപ്യൂട്ടി ഡയറക്ടർക്ക് തുടർ നടപടികൾക്കായി അയയ്ക്കുകയും ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടി അറിയിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. 9-10-2003, 17-4-2004, 13-10-2004 എന്നീ തീയതികളിൽ ഡെപ്യൂട്ടി ഡയറക്ടർക്ക് ഓർമ്മക്കുറിപ്പുകളും അയച്ചിരുന്നു.

(സി) പെരിയാർ ഡിവിഷനിൽ ഒരു വളർത്താന മാത്രമാണ് ഇപ്പോഴുള്ളതെന്നും 1987-ൽ പെരിയാർ ഡിവിഷനിൽ പാപ്പാനായിരുന്ന ശ്രീ. കെ. വേലായുധൻ എന്നയാൾ മരണമടഞ്ഞതുമൂലം ഒഴിവുണ്ടായ തസ്തിക ഇപ്പോഴും ഉണ്ട്.

(ഡി) ഓഫീസിലെ ഇ2 സെക്ഷനിലാണ് ഇതു സംബന്ധിച്ച ഫയൽ സൂക്ഷിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുള്ളത്. റിപ്പോർട്ട് തയ്യാറാക്കിയവരുടെ പേരു വിവരങ്ങൾ താഴെ ചേർക്കുന്നു:

	തസ്തിക	*പേര്*	*എന്ന് മുതൽ ജോലി നോക്കുന്നു*
(1)	ഡെപ്യൂട്ടി ഡയറക്ടർ (പി. റ്റി. ആർ.) തേക്കടി	പ്രമോദ് ജി. കൃഷ്ണൻ	1-3-2004
(2)	ജൂനിയർ സൂപ്രണ്ട്	കെ. ഗോപാലകൃഷ്ണൻ	27-9-2004
(3)	എൽ. ഡി. ക്ലാർക്ക്	ബി. ദിലീപ്	29-8-2000

(ഇ) ഉണ്ട്. എസ്. രവീന്ദ്രൻ.

(എഫ്) തസ്തികമാറ്റം വഴി ആനപാപ്പാൻ ബോട്ട് ലാസ്ക്കർ ആയി പെരിയാർ ഈസ്റ്റ് ഡിവിഷനിൽ ജോലി നോക്കുന്നില്ല.

(ജി) നിലവിൽ സ്ഥിരനിയമനത്തിനുള്ള ഒഴിവ് ഇല്ല.

പെരിയാർ ഫൗണ്ടേഷന്റെ പ്രവർത്തനവും ജീവനക്കാരും

125 [2554] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ടൈഗർ റിസർവിൽ എന്നുമുതൽക്കാണ് ഇക്കോ ഡവലപ്മെന്റ് പ്രോഗ്രാം നടപ്പിൽ വന്നത്;

(ബി) നിലവിലുള്ള പെരിയാർ ഫൗണ്ടേഷൻ മുൻ പ്രോഗ്രാമിന്റെ തുടർച്ച യാണോ;

(സി) ഇതിന്റെ ഘടനയും നടത്തിപ്പും വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ നിയമാവലി ലഭ്യമാക്കുമോ;

(ഇ) പെരിയാർ ഫൗണ്ടേഷനിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു വെന്നും ഇതിൽ സ്ഥിരനിയമനം ലഭിച്ചവർ എത്ര എന്നും താല്ക്കാലിക ജീവനക്കാർ എത്ര എന്നും വിശദമാക്കുമോ;

(എഫ്) സർക്കാർ സർവ്വീസിൽ നിന്നും പിരിഞ്ഞതിനുശേഷവും ഇവിടെ ശമ്പളം പറ്റി ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജി) പെരിയാർ ഫൗണ്ടേഷന്റെ വരുമാനമാർഗ്ഗങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly